## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3290

11.05.2017 ൽ മറുപടിക്ക്

### പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന്. | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ (ഗെയിൽ) പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | നിർദ്ദിഷ്ട ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്ക് വേണ്ടി P & MP Act പ്രകാരം 6 (1) ഗസറ്റ് നോട്ടിഫിക്കേഷൻ പൂർത്തിയാക്കി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 503 കി.മീ. ദൈർഘ്യമുള്ള പൈപ്പ് ലൈൻ ശൃംഖല. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മഹസ്സർ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ കരാർ നൽകുകയും പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ജില്ലകളിൽ കരാർ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനത്തിനുള്ള പൈപ്പുകൾ മുതലായ സാമഗ്രികൾ യാർഡുകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ഒഴികെയുള്ള ബാക്കി ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലി പൂർത്തിയായിട്ടുണ്ട്. പൈപ്പ് ലൈൻ പദ്ധതി 2018 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കൊച്ചിയിൽ നിന്ന് മംഗളൂരുവിലേയ്ക്കുള്ള ലൈനിൽ എത്ര കിലോമീറ്ററാണ് കാസർഗോഡ് ജില്ലയിലൂടെ കടന്നുപോകുന്നതെന്നും ഇതുവരെ എത്ര കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞുവെന്നും വ്യക്തമാക്കാമോ; | (ബി) | 83 കി. മീ ആണ് കാസർഗോഡ് ജില്ലയിൽ പൈപ്പ് ലൈനിന്റെ നീളം. ഇതിൽ 11 .6 കി. മീ. പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. പണി പുരോഗമിച്ചുവരുന്നു. |

<table>
<tr><td>(സി)</td><td>ഈ പൈപ്പ് ലൈൻ എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>കൊച്ചി - മംഗലാപുരം സെക്ഷൻ 2018 ഡിസംബർ മാസത്തോടുകൂടി പൈപ്പ് ലൈൻ പണി പൂർത്തീകരിക്കും.</td></tr>
<tr><td>(ഡി)</td><td>പ്രകൃതി വാതക പൈപ്പ് ലൈനും സിറ്റി ഗ്യാസ് പദ്ധതിയ്ക്കുള്ള പൈപ്പ് ലൈനും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാമോ;</td><td>(ഡി)</td><td>പ്രകൃതിവാതകം കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും പൈപ്പ് ലൈൻ വഴി കൊണ്ടുപോകുന്നതിനുള്ള പദ്ധതിയാണ് കൊച്ചി - കൂറ്റനാട് -ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ (കെ. കെ. ബി.എം.പി.എൽ) പദ്ധതി. ഇത് കേരളം, കർണ്ണാടകം, തമിഴ് നാട് എന്നീ സംസ്ഥാനങ്ങളിലെ വ്യവസായശാലകൾക്ക് ഇന്ധനമായി ഉപയോഗിക്കാം.<br><br>പ്രസ്തുത പൈപ്പ് ലൈനിൽ സ്ഥാപിച്ചിരിക്കുന്ന എസ്. വി സ്റ്റേഷനിൽ നിന്നും ചെറിയ പൈപ്പ് ലൈൻ ശൃംഖല സ്ഥാപിച്ച് വാഹനങ്ങൾക്കുള്ള സി. എൻ. ജി (Compressed Natural Gas)യും ഗാർഹിക ആവശ്യത്തിനുള്ള പി എൻ ജി (Piped Natural Gas)യും വിതരണം ചെയ്യുന്ന പദ്ധതിയാണ് സിറ്റി ഗ്യാസ്.<br><br>എറണാകുളം ജില്ലക്ക് പുറമേ പൈപ്പ് ലൈൻ കടന്നുപോകുന്ന അഞ്ച് ജില്ലകളിൽ കൂടി സിറ്റി ഗ്യാസ് വിതരണ സംവിധാനം ഒരുക്കും.</td></tr>
<tr><td>(ഇ)</td><td>സിറ്റി ഗ്യാസ് പദ്ധതി സാധാരണ ജനങ്ങൾക്ക് എങ്ങനെയാണ് പ്രയോജനപ്രദമാവുക എന്ന് വ്യക്തമാക്കാമോ ;</td><td>(ഇ)</td><td>പാചക വാതകം (പി എൻ ജി) പൈപ്പുകളിലൂടെ വീട്ടുകളിൽ ലഭ്യമാക്കുമ്പോൾ ഇന്ധനച്ചെലവ് 25 % കുറയുന്നു. വാഹന ഇന്ധനവിലയുമായി താരതമ്യം ചെയ്യുമ്പോൾ ചുരുങ്ങിയ ചെലവിൽ കൂടുതൽ മൈലേജ് ലഭിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.</td></tr>
<tr><td>(എഫ്)</td><td>ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;</td><td>(എഫ്)</td><td>ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ നിർമ്മാണത്തതിന് സമാന്തരമായിത്തന്നെ പൈപ്പ് ലൈൻ കടന്നുപോകുന്ന നഗരങ്ങളിൽ സിറ്റിഗ്യാസ് വിതരണത്തിനുള്ള ടെൻഡർ നടപടികൾ തുടങ്ങുന്നതാണ്.</td></tr>
<tr><td>(ജി)</td><td>പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഏതെല്ലാം ഭാഗങ്ങളിൽ പൂർത്തിയായെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; സ്ഥല ഉടമകൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുകയുടെ കണക്ക് വ്യക്തമാക്കാമോ ; സ്ഥലമേറ്റെടുപ്പിനും</td><td>(ജി)</td><td><table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>പൈപ്പ് ലൈൻ ROU (കി.മീ)</th><th>സർവ്വേ പൂർത്തീകരിച്ചത്.</th></tr>
<tr><td>1</td><td>എറണാകുളം</td><td>16</td><td>16</td></tr>
<tr><td>2</td><td>തൃശ്ശൂർ</td><td>78</td><td>78</td></tr>
<tr><td>3</td><td>പാലക്കാട്</td><td>105</td><td>100</td></tr>
</table></td></tr>
</table>

വിളകളുടെ നഷ്ടപരിഹാരത്തിനും മറ്റുമായി എത്ര കോടി രൂപയാണ് വേണ്ടിവരിക ; ഈ തുകയ്ക്കുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാകുക എന്ന് വ്യക്തമാക്കുമോ ?

| | | | |
|---|---|---|---|
| 4 | മലപ്പുറം | 58 | 18 |
| 5 | കോഴിക്കോട് | 80 | 65 |
| 6 | കണ്ണൂർ | 83 | 81 |
| 7 | കാസർഗോഡ് | 83 | 78 |
| | **ആകെ നീളം** | **503** | **435** |

ഗസറ്റ് വിജ്ഞാപന സമയത്തുള്ള ഭൂമിയുടെ ഗവണ്മെന്റ് ന്യായവിലയുടെ 75% ഭൂമിയുടെ ഉപയോഗാവകാശത്തിനുള്ള നഷ്ടപരിഹാരമായി നൽകുന്നതിനു പുറമേ ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും നഷ്ടപരിഹാരം നൽകുന്നുണ്ട്.

ഭൂമിയുടെ ഉപയോഗാവകാശത്തിനുള്ള നഷ്ടപരിഹാരമായ 114 കോടി രൂപയും ചമയങ്ങൾക്കും വിളകൾക്കുമായി 88 കോടി രൂപയും ഉൾപ്പെടെ 202 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ മുഴുവൻ ചെലവും ഗെയിൽ ആണ് വഹിക്കുന്നത്.

**സെക്ഷൻ ഓഫീസർ**